**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1110.** **25.01.2018 ൽ മറുപടിയ്ക്ക്**

**വർധിച്ചു വരുന്ന ലഹരിമരുന്നുകളുടെ ഉപയോഗം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | മെഡിക്കൽ ഷോപ്പുകളിലും വൈദ്യശാലകളിലും ലഹരിക്ക് വേണ്ടി ഉപയോഗിക്കുന്ന പദാർത്ഥങ്ങൾ വിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കൊല്ലം, തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ മെഡിക്കൽ ഷോപ്പുകളിലും, വൈദ്യശാലകളിലും ലഹരിക്ക് വേണ്ടി ഉപയോഗിക്കുന്ന പദാർത്ഥങ്ങൾ വിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്നും അല്ലാതെയും എക്സൈസ് വകുപ്പ് പരിശോധനകൾ നടത്തിവരുന്നുണ്ട്. ലഹരി അടങ്ങിയ മരുന്നുകൾ വിൽപ്പന നടത്തുന്നത് നിയമ പ്രകാരമാണോയെന്ന് രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെടുകയും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വൈദ്യശാലകൾക്കെതിരെ കേസ്സെടുക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ സ്റ്റോറുകളിൽ ലഹരിയ്ക്കായി ഉപയോഗിക്കുന്ന മരുന്നുകൾ കുറിപ്പടികളില്ലാതെ നൽകുന്നത് തടയുന്നതിന് ബാലാവകാശ കമ്മീഷന്റെ നിർദ്ദേശമനുസ്സരിച്ച ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെയും, മെഡിക്കൽ സ്റ്റോർ ഉടമകളുടെയും, പ്രതിനിധികളുടെ യോഗം വിളിച്ച് ചേർത്ത് അവലോകനം നടത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ ഹോസ്റ്റലുകൾ കേന്ദ്രീകരിച്ച് ലഹരിമരുന്നുകൾ വൻതോതിൽ വിറ്റഴിക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | കോളേജുകളോടനുബന്ധിച്ചുള്ള ഹോസ്റ്റലുകളിൽ കോളേജ് പ്രിൻസിപ്പലിന്റെയും അദ്ധ്യാപകരുടെയും നേതൃത്വത്തിൽ പരിശോധനകൾ നടത്തി വരുന്നുണ്ട്. ഇതുവരെയുള്ള പരിശോധനകളിൽ ഹോസ്റ്റലുകൾ കേന്ദ്രീകരിച്ച് ലഹരി മരുന്നുകൾ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ലഹരി മരുന്നുകൾ വിറ്റഴിക്കുന്നുവെന്ന് കണ്ടെത്തിയ ഹോസ്റ്റലുകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ? | (സി) | ലഹരി മരുന്നുകൾ വിറ്റഴിക്കുന്ന ഹോസ്റ്റലുകൾ ഒന്നും തന്നെ കണ്ടെത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**